15199/ഫി1/14/പൊമവ

# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2958** **19.06.2014-ൽ മറുപടിക്ക്**

**കോരാപ്പുഴ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ കോരാപ്പുഴ പാലം പുതുക്കിപ്പണിയുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(ബി) കോരാപ്പുഴ പാലത്തിന്റെ കാലപ്പഴക്കവും ജനങ്ങളുടെ ആവശ്യവും പരിഗണിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) കോഴിക്കോട് ജില്ലയിൽ ദേശീയപാത 17-ലുള്ള കോരപ്പുഴ പാലം പുതുക്കി പണിയുന്നതിനു വേണ്ടി നടത്തിയ സാധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പാലത്തിന്റെ 41.2 മീറ്റർ പടിഞ്ഞാറു ഭാഗത്തു കൂടി കടന്നു പോകുന്ന രീതിയിലുള്ള പുതിയ പാലത്തിന്റെ രൂപരേഖ അംഗീകരിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ രൂപരേഖ നിലവിലുള്ള ദേശീയപാതയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടതായതുകൊണ്ട് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനായി പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന്റെ പ്രൊപ്പോസൽ അനുമതിയ്ക്കായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ